# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

24-06-2014-ൽ മറുപടിക്ക്.

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3901**

## എമർജിംഗ് കേരള സംഗമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി. ഗീതാഗോപി<br>ശ്രീ. വി.ശശി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പു കളിലായി എത്ര പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;<br><br>(ബി) മൊത്തം പദ്ധതികളിലെല്ലാം കൂടി എത്ര കോടിയുടെ നിക്ഷേപമാണ് പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഏതെല്ലാം പദ്ധതികൾ പുരോഗമിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ), (ബി) & (സി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. പദ്ധതികൾ സൂക്ഷ്മ പരിശോധനക്കുശേഷം ഇപ്പോൾ 148 പദ്ധതികളാണ് നിലവിലുള്ളത്. ഇവയുടെ മൊത്തം നിക്ഷേപമായി ഏകദേശം 93734 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ വ്യവസായ വകുപ്പിന് കീഴിലുള്ള 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഇവയുടെ എല്ലാം കൂടി നിക്ഷേപം ഏകദേശം 21059 കോടി രൂപയാണ്. മറ്റു വകുപ്പുകളിലുള്ള പദ്ധതികളടക്കം മൊത്തം 83 പദ്ധതികളാണ് പുരോഗമിച്ചു വരുന്നത്. പ്രവർത്തനം പുരോഗമിച്ചു വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>കേളചന്ദ്ര പോളിമേഴ്സിന്റെ എച്ച്.ഡി.പി. സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ട്രയൽ ഉൽപാദനം ആരംഭിച്ചു. 12000 കോടി രൂപയുടെ ബി.പി.സി.എല്ലിന്റെ കൊച്ചിൻ റിഫൈനറിയുടെ വികസന പദ്ധതി 2013 ജനുവരിയിൽ ബഹു. പ്രധാനമന്ത്രി ശിലാസ്ഥാപനം ചെയ്യുകയുണ്ടായി. 6000 കോടി രൂപ മുതൽമുടക്കു വരുന്ന പദ്ധതിയായ പെട്രോകെമിക്കൽ പാർക്ക് കൊച്ചിയിൽ സ്ഥാപിയ്ക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |

എ.കെ. ഗ്രൂപ്പിന്റെ എറണാകുളത്ത് സ്ഥാപിക്കുന്ന 200 കോടി രൂപ മുതൽമുടക്കുള്ള ബയോനൂട്ര പാർക്കി (വിവിധ ഘട്ടം) ന്റെ ഒന്നും രണ്ടും ഘട്ടത്തിന്റെ പ്രവർത്തനം ആരംഭിച്ചു.

ഭക്ഷ്യ സംസ്ക്കരണം, ബയോ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം മുതലായ പദ്ധതികളുടെ തുടർനടപടികൾ പൂർത്തി യായി വരുന്നു.

ടൂറിസം വകുപ്പിന് കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉൽഘാടനം നിർവ്വഹിച്ചു കഴിഞ്ഞു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സിന്റെ ഉത്ഘാടനം 2014 ജനുവരി 24 ന് നിർവ്വഹിച്ചു.

കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോ മോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

കളമശ്ശേരി ഗവ: പോളിടെക്നിക്കിൽ Bosch ന്റെ Centre of Excellence in Automation Technology Course ന്റെ ഉദ്ഘാടനം 11/02/2014 ൽ നിർവ്വഹിച്ചു.

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക്ക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ. മറ്റു പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസ് പഠനം, വിശദമായ പ്രോജക്ക് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

M/s. Gateway Distriparks Kerala Limited ന്റെ 50 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പദ്ധതിയുടെ പ്രവർത്തനം 2013 ഫെബ്രുവരി 12 ൽ ആരംഭിച്ചു. ഈ പദ്ധതിക്ക് കെ.എസ്.ഐ.ഡി.സി. 18 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

**(ഡി)** എമർജിംഗ് കേരള സംഗമത്തിനു വേണ്ടി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

**(ഡി)** എമർജിംഗ് കേരളയുമായി ബന്ധപ്പെട്ടു നടത്തിയ വിവിധ പ്രവർത്തനങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. മൊത്തം 1752.07 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ